മാതൃഭൂമി
6 October 2017

# സുസ്ഥിര മത്സ്യബന്ധന നിർണയം: ഇന്തോ-ജർമൻ ശില്പശാല തുടങ്ങി



സി.എം.എഫ്.ആർ.ഐ.യിൽ നടക്കുന്ന ഇന്തോ-ജർമൻ പരിശീലന ശില്പശാലയിൽ ജി.ഐ.സെഡ്. പ്രോഗ്രാം ഡയറക്ടർ ഡോ. മൈക്കൽ വാകിലി സംസാരിക്കുന്നു

**കൊച്ചി:** സുസ്ഥിര മത്സ്യബന്ധന നിർണയ രീതികളെക്കുറിച്ച് ഇന്തോ-ജർമൻ ശില്പശാലയ്ക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) തുടക്കമായി. ജർമൻ ഏജൻസിയായ ജി.ഐ.സെഡിന്റെയും സി.എം.എഫ്.ആർ.ഐ.യുടെയും നേതൃത്വത്തിലാണ് ശില്പശാല.

എഴുന്നൂറില്പരം മത്സ്യയിനങ്ങൾ ഓരോ വർഷവും ഇന്ത്യൻ തീരങ്ങളിൽനിന്ന് പിടിച്ചുവരുന്നു. ഇതിൽ ചിലയിനങ്ങളെ കുറിച്ച് മതിയായ വിവരങ്ങൾ ലഭിക്കാറില്ല. ഈ ഇനങ്ങൾ പിടിക്കാവുന്ന അളവ് നിർണയിക്കുന്നതിനുള്ള രാജ്യാന്തര രീതികൾ ശില്പശാലയിൽ പരിചയപ്പെടുത്തും.

ജി.ഐ.സെഡ്. പ്രോഗ്രാം ഡയറക്ടർ ഡോ. മൈക്കൽ വാകിലി, കാനഡയിലെ ബ്രിട്ടീഷ് കൊളംബിയ സർവകലാശാലയിലെ ഡോ. എം.എൽ.ഡി. പാലൊമറെസ്, ജർമനിയിൽ നിന്നുള്ള ഡോ. ആർ. ഫ്രോയസെ, ഫിലിപ്പീൻസിൽനിന്ന് ക്രിസ്റ്റിന ബിനോലൻ എന്നീ മുതിർന്ന ശാസ്ത്രജ്ഞരാണ് ക്ലാസുകൾ നയിക്കുന്നത്. സി.എം.എഫ്.ആർ.ഐ. ഫിഷറി റിസോഴ്സ് അസസ്മെന്റ് ഡിവിഷൻ മേധാവി ഡോ. ടി.വി. സത്യാനന്ദന്റെ നേതൃത്വത്തിലാണ് ശില്പശാല. വെള്ളിയാഴ്ച സമാപിക്കും.